LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ജില്ലകൾ

28(*148) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണവൈദ്യുതീകരണം എന്ന ലക്ഷ്യം എത്രത്തോളം വിജയകരമായി നടപ്പാക്കാൻ സാധിച്ചുവെന്ന് വിശദമാക്കുമോ :

(ബി) സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ജില്ലകൾ ഏതെല്ലാമാണ് : വിശദാംശങ്ങൾ നൽകുമോ ;

(സി) മലയോര ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ നിയോജക മണ്ഡലങ്ങൾ ഏതെല്ലാമാണ് ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) സംസ്ഥാനത്തെ 60 മണ്ഡലങ്ങളിൽ ഇതിനകം സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ, എറണാകുളം ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം ഫെബ്രുവരി 20-ന് നിശ്ചയിച്ചിരിക്കുകയാണ്. ഫെബ്രുവരി 20-ഓടുകൂടി 76 മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാകും.

(ബി) പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളാണ് സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ള ജില്ലകൾ. എറണാകുളം, ആലപ്പുഴ ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം 2011 ഫെബ്രുവരി 20-ാം തീയതി നടക്കാനിരിക്കുകയാണ്.

(സി) മലയോര ജില്ലയായ പത്തനംതിട്ടയിലെ അടൂർ, കല്ലൂപ്പാറ, ആറന്മുള എന്നീ നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ഡലങ്ങൾ (തൃത്താല, പട്ടാമ്പി, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, മലമ്പുഴ, പാലക്കാട്, ചിറ്റൂർ, കൊല്ലങ്കോട്, കുഴൽമന്ദം, ആലത്തൂർ) എല്ലാം തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുള്ളവയാണ്.

കർഷകർക്ക് സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ നടപടി

29(*149) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :